**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4620** **10-08-2021 - ൽ മറുപടിയ്ക്ക്**

**കെ.യു.ആർ.ടി.സി. ലോ ഫ്ലോർ ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അത്യാധുനിക സൗകര്യങ്ങളുള്ള എത്ര എ.സി. ലോ ഫ്ലോർ ബസ്സുകളാണ് കെ.യു.ആർ.ടി.സി. യുടെ കീഴിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | അത്യാധുനിക സൗകര്യങ്ങളുള്ള 190 എ.സി. ലോ ഫ്ലോർ ബസ്സുകളാണ് KURTC-യുടെ കീഴിലുള്ളത്. |
| (ബി) | കോവിഡ് നിയന്ത്രണങ്ങൾക്ക് മുമ്പ് കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകൾ ഉൾപ്പെടുന്ന ക്ലസ്റ്റർ I-ൽ എത്ര ലോ ഫ്ലോർ ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നെന്നും ഏതെല്ലാം ഡിപ്പോകൾ കേന്ദ്രീകരിച്ചായിരുന്നു സർവീസുകളെന്നും അറിയിക്കാമോ; | (ബി) | കോവിഡ് നിയന്ത്രണങ്ങൾക്ക് മുമ്പ് കോഴിക്കോട് കേന്ദ്രീകരിച്ച് 14 സർവ്വീസുകളും, കൽപ്പറ്റ കേന്ദ്രീകരിച്ച് 3 സർവ്വീസുകളും, മലപ്പുറം കേന്ദ്രീകരിച്ച് 4 സർവ്വീസുകളും നടത്തിയിരുന്നു. |
| (സി) | ഐ.ആർ.സി.ടി.സി. മാതൃകയിൽ സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് കെ.യു.ആർ.ടി.സി. ലോ ഫ്ലോർ ബസ്സുകളിൽ പ്രീ ബുക്കിംഗ്/ചാർട്ടേഡ് സർവ്വീസുകൾ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമോ; ഇതിനായി നടപടി സ്വീകരിക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി. / കെ.യു.ആർ.ടി.സി. ബസ്സുകളുപയോഗിച്ച് കെ.എസ്.ആർ.ടി.സി. മൂന്നാറിൽ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് Sight Seeing Trip നടത്തിയിരുന്നു. എന്നാൽ കോവിഡ് 19 നിയന്ത്രണം മൂലം വിനോദ സഞ്ചാരികൾ കുറഞ്ഞതിനാൽ ഇപ്പോൾ ടി സർവ്വീസ് നിർത്തി വച്ചിരിക്കുകയാണ്. പ്രി-ബുക്കിംഗ് / ചാർട്ടേർഡ് ആവശ്യക്കാർക്ക് പ്രത്യേക നിരക്കിൽ ബസ് അനുവദിക്കുന്നതാണ്. കൂടാതെ വിവാഹം, വിനോദയാത്ര, പ്രി-വെഡ്ഡിംഗ് ഫോട്ടോ ഷൂട്ട് എന്നിവയ്ക്കായി പ്രത്യേക നിരക്കിൽ ബസ്സുകൾ അനുവദിക്കുന്നുമുണ്ട്. |
| (ഡി) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ ലക്ഷ്യമാക്കി കെ.യു.ആർ.ടി.സി. യുടെ കണക്റ്റഡ് ടൂർ സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ വിനോദം, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് പ്രീ-ബുക്കിംഗ്/ചാർട്ടേർഡ് സർവ്വീസുകൾ പ്രത്യേക നിരക്കിൽ അനുവദിച്ച് വരുന്നുണ്ട്. കൂടുതൽ യാത്രക്കാർ കണക്റ്റഡ് ടൂർ സർവ്വീസ് ആവശ്യപ്പെടുന്ന പക്ഷം പ്രത്യേക നിരക്കിലുള്ള സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ